(ഇ) ഇതിനുത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്തു നടപടി കൈക്കൊണ്ടു എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

**"കാസർഗോഡ് ജില്ലയിലെ കെ.എസ്.എഫ്.ഇ. യുടെ ശാഖകൾ"**

**24(290)**ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും സ്ഥലങ്ങളിൽ കെ. എസ്.എഫ്.ഇ. യുടെ ശാഖകൾ തുടങ്ങാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എവിടെ എല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ കെ.എസ്.എഫ്ഇ. യുടെ പുതിയ ശാഖകൾ തുറക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയവായ്പ**

**25 (291)**ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും 1999-2000 വർഷത്തിൽ വ്യവസായ സംരംഭകർക്ക് ആകെ എത്രതുക വായ്പയായി നൽകിയിട്ടുണ്ട്;

(ബി) ഇതിന്റെ ഗുണഭോക്താക്കൾ എത്ര പേരാണ്;

(സി) വായ്പ കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും വ്യവസായം ആരംഭിക്കുകയുണ്ടായോ;

(ഡി) എത്ര യൂണിറ്റുകളിൽ ഉൽപ്പാദനം ആരംഭിച്ച് വിപണനം തുടങ്ങിയിട്ടുണ്ട്?

ഉത്തരം

(എ) 176.12 കോടി രൂപ.

(ബി) 1631 വ്യവസായ സംരംഭകർ.

(സി)&(ഡി) വിവരം ശേഖരിച്ചു വരുന്നു.

**കെ.എഫ്.സി. ക്ക് ലഭിച്ച ഒ.റ്റി.എസ്. അപേക്ഷകൾ**

**26 (292)**ശ്രീ. എ. കണാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ കെ.എഫ്.സി. ക്ക് എത്ര ഒ.റ്റി.എസ്. അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;



LIBRARY ARCHIVES Kerala Legislative Assembly